**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 256** **08-10-2025 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലകളിലെ അപകടങ്ങൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിലുണ്ടാകുന്ന അപകടങ്ങളിൽപെട്ട് വിദ്യാർത്ഥികളും യുവാക്കളും മരണമടയുന്നത് വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ടൂറിസം വകുപ്പിന്റേയും ഡി.ടി.പി.സി.-കളുടേയും ചുമതലയിൽ ഉള്ള ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള മുൻകരുതൽ നടപടികൾ പരമാവധി സ്വീകരിക്കാറുണ്ട് . മറ്റ് വകുപ്പുകൾ നടത്തുന്ന ടൂറിസം കേന്ദ്രങ്ങളിൽ മതിയായ സുരക്ഷ ഉറപ്പാക്കണമെന്ന് നിർദ്ദേശിക്കാറുണ്ട് . ടൂറിസം ഡെസ്റ്റിനേഷനുകളിൽ ആവശ്യമായ സുരക്ഷാ മാനദണ്ഡങ്ങൾ സംബന്ധിച്ച സൈനേജ് ബോർഡുകൾ, സുരക്ഷാ വേലി , ടൂറിസം പോലീസിന്റെ സേവനം, ലൈഫ് ഗാർഡുകളുടെ സേവനം, സി.സി.ടി.വി ക്യാമറ , സുരക്ഷാ ഉപകരണങ്ങൾ അനുവദിക്കുന്നത് , സ്ട്രീറ്റ് ലൈറ്റ് തുടങ്ങിയവ അവയിൽ പ്രധാനപ്പെട്ടവയാണ് .<br><br>പ്രത്യേകം പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലായി 180 ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്.<br><br>കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങളോ, ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചുകളിലും മറ്റു ചില മേഖലകളിലും ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 182 ലൈഫ് ഗാർഡുകൾ സേവനം അനുഷ്ഠിക്കുന്നു. ഇവർക്കു കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങളും വകുപ്പ് നൽകിവരുന്നു.<br><br>സംസ്ഥാനത്തെ പ്രധാന ടൂറിസം ഡെസ്റ്റിനേഷനുകളിൽ എല്ലാംതന്നെ നിരീക്ഷണ |

| | | | |
|---|---|---|---|
| | | | ക്യാമറ സംവിധാനം നടപ്പിലാക്കുന്ന പദ്ധതി വകുപ്പ് സ്വീകരിച്ചുവരികയാണ് . ഇപ്പോൾ തിരുവനന്തപുരം ജില്ലയിലെ കോവളം ടൂറിസം ഡെസ്റ്റിനേഷൻ, വേളി , കനക്കുന്ന് എന്നീ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് . കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പ് , പോലീസ് അധികാരികൾ, ഇതര വകുപ്പുകളുമായി ചേർന്നു നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പുതുതായി കണ്ടെത്തുന്ന അപകട സാധ്യതയുള്ള ഡെസ്റ്റിനേഷനുകളിൽ അപകട മുന്നറിയിപ്പുകൾ നൽകിയും മറ്റ് സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ച് വരുന്നു . കൂടാതെ ടൂറിസം ഡെസ്റ്റിനേഷനുകളിൽ ക്രമാതീതമായി സഞ്ചാര ബാഹുല്യം വർദ്ധിച്ചു വരുന്നതായി കാണുന്നു . ആയതിനാൽ ടൂറിസം വകുപ്പ് മുഖേന ക്യാരിയിംഗ് കപ്പാസിറ്റി പഠനം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട് . |
| (ബി) | എങ്കിൽ ഇതിനിടയാക്കുന്ന കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ടൂറിസം വകുപ്പിന്റേയും ഡി.ടി.പി.സി.-കളുടേയും ചുമതലയിൽ ഉള്ള ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള മുൻകരുതൽ നടപടികൾ പരമാവധി സ്വീകരിക്കാറുണ്ട് . മറ്റ് വകുപ്പുകൾ നടത്തുന്ന ടൂറിസം കേന്ദ്രങ്ങളിൽ മതിയായ സുരക്ഷ ഉറപ്പാക്കണമെന്ന് നിർദ്ദേശിക്കാറുണ്ട് . ടൂറിസം ഡെസ്റ്റിനേഷനുകളിൽ ആവശ്യമായ സുരക്ഷാ മാനദണ്ഡങ്ങൾ സംബന്ധിച്ച സൈനേജ് ബോർഡുകൾ, സുരക്ഷാ വേലി , ടൂറിസം പോലീസിന്റെ സേവനം, ലൈഫ് ഗാർഡുകളുടെ സേവനം, സി.സി.ടി.വി ക്യാമറ , സുരക്ഷാ ഉപകരണങ്ങൾ അനുവദിക്കുന്നത് , സ്ട്രീറ്റ് ലൈറ്റ് തുടങ്ങിയവ അവയിൽ പ്രധാനപ്പെട്ടവയാണ് .<br><br>പ്രത്യേകം പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലായി 180 ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്.<br><br>കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങളോ, ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചുകളിലും മറ്റു ചില മേഖലകളിലും ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 182 ലൈഫ് ഗാർഡുകൾ സേവനം അനുഷ്ഠിക്കുന്നു. ഇവർക്കു കൂടുതൽ പരിശീലനവും |

| | | | |
|---|---|---|---|
| | | | ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങളും വകുപ്പ് നൽകിവരുന്നു.<br><br>സംസ്ഥാനത്തെ പ്രധാന ടൂറിസം ഡെസ്റ്റിനേഷനുകളിൽ എല്ലാംതന്നെ നിരീക്ഷണ ക്യാമറ സംവിധാനം നടപ്പിലാക്കുന്ന പദ്ധതി വകുപ്പ് സ്വീകരിച്ചുവരികയാണ് . ഇപ്പോൾ തിരുവനന്തപുരം ജില്ലയിലെ കോവളം ടൂറിസം ഡെസ്റ്റിനേഷൻ, വേളി , കനകക്കുന്ന് എന്നീ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് . കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പ് , പോലീസ് അധികാരികൾ, ഇതര വകുപ്പുകളുമായി ചേർന്നു നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പുതതായി കണ്ടെത്തുന്ന അപകട സാധ്യതയുള്ള ഡെസ്റ്റിനേഷനുകളിൽ അപകട മുന്നറിയിപ്പുകൾ നൽകിയും മറ്റ് സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ച് വരുന്നു . കൂടാതെ ടൂറിസം ഡെസ്റ്റിനേഷനുകളിൽ ക്രമാതീതമായി സഞ്ചാര ബാഹല്യം വർദ്ധിച്ചു വരുന്നതായി കാണുന്നു . ആയതിനാൽ ടൂറിസം വകുപ്പ് മുഖേന ക്യാരിയിംഗ് കപ്പാസിറ്റി പഠനം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട് . |
| (സി) | വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും അനിയന്ത്രിത ഉപയോഗം ഇത്തരം അപകടങ്ങൾക്ക് പ്രധാന കാരണങ്ങളിലൊന്നാണെന്ന് വിനോദ സഞ്ചാര വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ടൂറിസം വകുപ്പിന്റെ കീഴിലുള്ള ടൂറിസം കേന്ദ്രങ്ങളിൽ ഉണ്ടായ അപകടങ്ങളെക്കുറിച്ച് അത്തരത്തിൽ ഒരു വിലയിരുത്തൽ നടത്തിയിട്ടില്ല . |
| (ഡി) | ഇത്തരം അപകടമരണങ്ങൾ ഒഴിവാക്കാൻ സ്വീകരിക്കേണ്ട മുൻകരുതലുകളെ സംബന്ധിച്ച് സമൂഹത്തിന് അവബോധം നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | ടൂറിസം ഡെസ്റ്റിനേഷനുകളുമായി ബന്ധപ്പെട്ട അപകടങ്ങൾ നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടികൾ ടൂറിസം വകുപ്പ് സ്വീകരിച്ച് വരുന്നു. ഇത്തരം അപകടം ഒഴിവാക്കുന്നതിന് ആവശ്യമായ സുരക്ഷാ മുന്നറിയിപ്പുകൾ നൽകാറുണ്ട് . സഞ്ചാരികൾക്ക് ബോധവൽക്കരണം നടത്തുന്നതിനും ശ്രദ്ധിക്കാറുണ്ട് . |

സെക്ഷൻ ഓഫീസർ